## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 703 — 04.11.2016 -ൽ മറുപടിക്ക്

## മത്സ്യബന്ധനത്തിന് അടിസ്ഥാന സൗകര്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.കെ.മുരളീധരൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനത്തിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | മത്സ്യബന്ധനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരളതീരദേശവികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ വഴി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഇതിനായി എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ; | (ബി) | അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | ആരുടെയെല്ലാം സേവനങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഫിഷറീസിന്റെ ഇതര ഏജൻസികളായ അഡാക്ക്, ഫിർമ, സാഫ് , മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെയാണ് പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത്. സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രപദ്ധതികൾ, RKVY, NABARD, NFDB, KIIFBതുടങ്ങിയ വിഭവ സ്രോതസ്സുകളിൽ നിന്നും ഫണ്ട് കണ്ടെത്തുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

മത്സ്യബന്ധനത്തിനുള്ള അടിസ്ഥാനസൗകര്യ വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ വിവിധ ഏജൻസികൾ വഴി നടപ്പിലാക്കി വരുന്നു.

### a) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

മത്സ്യബന്ധനത്തിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, തീരദേശ റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം, നിലവിലുള്ള ഹാർബറുകളുടേയും ലാന്റിംഗ് സെന്ററുകളുടേയും രണ്ടാംഘട്ട വികസനവും നവീകരണവും തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതി, നബാർഡ്, എൻ. എഫ്. ഡി. ബി., ആർ.കെ.വി.വൈ., സംസ്ഥാന പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം ലഭ്യമാക്കുന്നത്.

### b) തീരദേശ വികസന കോർപ്പറേഷൻ

സംസ്ഥാനത്തെ തീരദേശമേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കിയുള്ള സമഗ്ര തീരദേശവികസന പദ്ധതി, സംയോജിത മത്സ്യഗ്രാമവികസന പദ്ധതി, നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യവികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ മാതൃകാമത്സ്യഗ്രാമം പദ്ധതി, എൻ.എഫ്.ഡി.ബി. സഹായത്തോടെ ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്മെന്റ് ഓഫ് ഫിഷർഫോക്ക് തുടങ്ങിയ പദ്ധതികൾ കേരളസംസ്ഥാന തീരദേശവികസന കോർപ്പറേഷൻമുഖേന നടപ്പിലാക്കിവരുന്നു.

c) മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക്സബ്സിഡി നിരക്കിൽവെള്ള മണ്ണെണ്ണ വിതരണംചെയ്യുന്ന പദ്ധതി.

d) എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി.

e) മത്സ്യത്തൊഴിലാളികൾക്ക് ഉൽപാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ്സ് പദ്ധതി.

f) എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ.

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം II</u>

**മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പുതുതായി ആവിഷ്ക്കരിച്ച പദ്ധതികൾ**

a) **കോസ്റ്റൽ കണക്റ്റിവിറ്റി ഗ്രീൻ കോറിഡോർ**

കേരളത്തിന്റെ കടൽത്തീരസംരക്ഷണത്തിനും തീരദേശമേഖലയുടെ സർവ്വോന്മുഖമായ വികസനത്തിനും പരിപാലനത്തിനുമായിട്ടുള്ള ഒരു സമഗ്രവികസന പദ്ധതി ലക്ഷ്യമിട്ട് "കോസ്റ്റൽ കണക്ടിവിറ്റി ഗ്രീൻ കോറിഡോർ" ഒരു pre-feasibility analysis report തയ്യാറാക്കി പരിശോധിച്ചുവരുന്നു.

b) **പുതിയമത്സ്യബന്ധനതുറമുഖങ്ങളുടെനിർമ്മാണം**

തീരദേശമേഖലയിൽ അടിസ്ഥാനസൗകര്യത്തിനും മത്സ്യബന്ധനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി മത്സ്യബന്ധനതുറമുഖങ്ങൾ, മത്സ്യംകരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, തീരദേശറോഡുകൾ, പാലങ്ങൾ, എന്നിവയുടെ നിർമ്മാണം, വികസനം, നവീകരണം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിവരുന്നു. വലിയതുറ, പൂന്തുറ, വർക്കല, ചിലക്കൂർ, പൊഴിയൂർ, സൗത്ത്പരവൂർ, പുന്നപ്ര, തൃക്കുന്നപ്പുഴ, കൈപ്പമംഗലം, പരപ്പനങ്ങാടി, പുതിയങ്ങാടി, അജാനൂർ കടപ്പുറം, കര്യാടി എന്നീ ഫിഷിംഗ് ഹാർബറുകളുടെയും മരുത്തടി, കോരപ്പുഴ എന്നീ ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**c) നിലവിലുള്ളമത്സ്യബന്ധനതുറമുഖങ്ങളുടെരണ്ടാംഘട്ട/ മൂന്നാംഘട്ടവികസനം :-**

മുതലപ്പൊഴി, തങ്കശ്ശേരി, കായംകുളം, തോട്ടപ്പള്ളി, മുനമ്പം, ചെല്ലാനം, ചോമ്പാൽ, പുതിയാപ്പ, അഴീക്കൽ, മാപ്പിളബേ, കാസർഗോഡ് തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടാംഘട്ടവികസനത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യവികസനം ഉദ്ദേശിക്കുന്നുണ്ട്.

**d) നിലവിലുള്ളമത്സ്യബന്ധനതുറമുഖങ്ങളുടെനവീകരണം :-**

പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ ശുചിത്വനിലവാരം യൂറോപ്യൻ യൂണിയൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

തീരദേശമേഖലയിൽ അടിസ്ഥാനസൗകര്യവികസനത്തിനും നിലവിലുള്ള മത്സ്യബന്ധനതുറമുഖങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്രാവിഷ്കൃതപദ്ധതി, നബാർഡ്, എൻ.എഫ്.ഡി.ബി, ആർ.കെ.വി.വൈ, സംസ്ഥാനപദ്ധതികൾ എന്നിവയിലുൾപ്പെടുത്തി ആയതിന് കേന്ദ്രസർക്കാരിന്റെ ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കി വരുകയുമാണ്.

**<u>e) കേരള തീരദേശ വികസന കോർപ്പറേഷൻ</u>**

മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ റോഡുകളുടെ വികസനം, മത്സ്യമാർക്കറ്റുകളുടെ വികസനം എന്നിവ വരുംവർഷങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ തയ്യാറാക്കിവരുന്നു. കേന്ദ്രസർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം കോടിമാതാമാർക്കറ്റിന്റെ പ്രൊപ്പോസൽ തീരദേശവികസന കോർപ്പറേഷൻ വഴി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ തീരദേശ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ആരോഗ്യമേഖലയിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക, ഡ്രെനേജുകൾ സ്ഥാപിക്കുക, തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ